# ഇസ്ലാം കാര്യങ്ങൾ

# ഈമാൻ കാര്യങ്ങൾ

അല്ലാഹുവിനെ മാത്രം ആരാധിക്കുക, ആരാധനയിൽ മറ്റാരെയും പങ്കു ചേർക്കാതിരിക്കുക, അതാണ് ഇസ്ലാമിൻെറ അടിത്തറ. നമ്മെയും മറ്റ് എല്ലാ വസ്തുക്കളെയും പടച്ചത് അവനാകുന്നു. രക്ഷിക്കുന്നതും അവൻ മാത്രമാണ്. മറ്റുള്ളവരെല്ലാം അവൻെറ പടപ്പുകളാണ്. അടിമകളുമാണ്. പടപ്പുകളെല്ലാം പടച്ചവൻെറ കാരുണ്യം ആശ്രയിക്കുന്നവരാണ്, അവൻെറ ശിക്ഷ ഭയപ്പെടുന്നവരുമാണ്. അതുകൊണ്ട് നമ്മെ പടച്ച അല്ലാഹുവിനെ നാം ആരാധിക്കുക, മറ്റൊന്നിനേയും ആരാധിക്കാതിരിക്കുക, അവൻെറ കൽപനകൾ അനുസരിക്കുക, അവൻെറ കൽപനക്കെതിരിൽ ആരെയും അനുസരിക്കാതിരിക്കുക, അവൻ നിരോധിച്ച കാര്യങ്ങൾ ഉപേക്ഷിക്കുക, അതാണ് സൃഷ്ടികളായ നമ്മുടെ കടമ.

അല്ലാഹു കൽപിച്ച കാര്യങ്ങൾ ഏതെല്ലാമാണ്? അവൻ വിരോധിച്ച കാര്യങ്ങൾ ഏതെല്ലാമാണ്? ഈ കാര്യം എല്ലാ കാലത്തും അവൻ ജനങ്ങളെ പഠിപ്പിച്ചു പോന്നിട്ടുണ്ട്. അതിന്നായി അവൻ നിയോഗിച്ചവരാണ് നബിമാർ. മുഹമ്മദ് നബി(ﷺ) അവരിൽ അവസാനത്തെ നബിയാണ്. അദ്ദേഹമാണ് നമുക്ക് മതകാര്യങ്ങൾ പഠിപ്പിച്ചു തന്നത്. അല്ലാഹു ഇഷ്ടപ്പെടുന്ന സർവ്വകാര്യങ്ങളും നബി(ﷺ) നമ്മോട് കൽപിച്ചിട്ടുണ്ട്. അവൻെറ കോപത്തിന് കാരണമാകുന്ന മുഴുവൻ കാര്യങ്ങളും വിരോധിച്ചിട്ടുമുണ്ട്. അതിനു ശേഷമാണ് അദ്ദേഹം വഫാത്തായത്. ആ കാര്യങ്ങളാണ് പരിശുദ്ധഖുർആനിലും നബിചര്യയിലുമുള്ളത്. അവ രണ്ടുമാണ് നമ്മുടെ അടിസ്ഥാന പ്രമാണങ്ങൾ. അതുകൊണ്ട് ഖുർആനും നബിചര്യയും നാം പഠിക്കണം. അതനുസരിച്ച് ജീവിക്കുകയും വേണം. എകിൽ മാത്രമേ നാം ശരിയായ മുസ്ലിംകളാവുകയുള്ളൂ.

വിശ്വാസം നമ്മുടെ പ്രവർത്തനങ്ങളിൽ തെളിഞ്ഞു കാണേണ്ടതുണ്ട്. അല്ലാഹു മാത്രമാണ് ആരാധനക്ക് അർഹൻ എന്ന് വിശ്വസിക്കുന്നവനാണല്ലോ മുസ്ലിം. അപ്പോൾ ഒരു മുസ്ലിമിന് അല്ലാഹു അല്ലാത്തവരോട് പ്രാർത്ഥിക്കുവാനോ അല്ലാഹു അല്ലാത്തവർക്ക് നേർച്ച വഴിപാടുകൾ അർപ്പിക്കുവാനോ പാടുള്ളതല്ല.

നാം ചെയ്യേണ്ട കർമ്മങ്ങളെല്ലാം ഇസ്ലാം നമുക്ക് നിശ്ചയിച്ചു തന്നിട്ടുണ്ട്. അവയിൽ ഇസ്ലാമിൻെറ കാര്യങ്ങളായ അഞ്ചു തൂണുകളുണ്ട്. അവയാണ്

ഇസ്‌ലാം കാര്യങ്ങള്‍ എന്നു പറയുന്നത്. അത് ഏതെല്ലാമാണെന്ന് ഓര്‍മ്മയുണ്ടല്ലോ. ഒന്നു കൂടി വായിക്കാം, പഠിക്കാം:

- ശഹാദത്ത് കലിമകള്‍
- നമസ്‌കാരം
- സകാത്ത്
- നോമ്പ്
- ഹജ്ജ്

സത്യവിശ്വാസമാണ് ഇസ്‌ലാമിക ജീവിതത്തിന്റെ അടിത്തറ. വിശ്വാസമനുസരിച്ചാണ് കര്‍മ്മങ്ങളുണ്ടാകുന്നത്. വിശ്വാസത്തില്‍ പിഴവ് പറ്റിയാല്‍ കര്‍മ്മങ്ങളും പിഴച്ചു പോകുന്നു. അതുകൊണ്ട് നമ്മുടെ വിശ്വാസം ശരിയാക്കുവാനാണ് നാം ആദ്യമായി ശ്രമിക്കേണ്ടത്.

പ്രധാനമായ വിശ്വാസ കാര്യങ്ങള്‍ ആറെണ്ണമാണ് എന്നോര്‍മ്മയുണ്ടല്ലോ. അവ ഒന്നു കൂടി ആവര്‍ത്തിക്കാം:

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| അല്ലാഹുവില്‍ വിശ്വസിക്കുക | മലക്കുകളില്‍ വിശ്വസിക്കുക | കിതാബുകളില്‍ വിശ്വസിക്കുക | റസൂലുകളില്‍ വിശ്വസിക്കുക | അവസാന നാളില്‍ വിശ്വസിക്കുക | ഖദ്‌റില്‍ വിശ്വസിക്കുക |

ഈ കാര്യങ്ങള്‍ക്ക് ഈമാന്‍ കാര്യങ്ങള്‍ എന്ന് പറയുന്നു. അവ ഓരോന്നും വിശദമായി പഠിക്കാന്‍ അല്ലാഹു توفيق നല്‍കട്ടെ.

**കടപ്പാട്**

കേരള നദ്‌വത്തുല്‍ മുജാഹിദീന്‍ വിദ്യഭ്യാസ ബോര്‍ഡ്